**No.CEE/2242/2017/NPMDC-2017/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2017-ലെ ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2017-ലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കും, **ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ പാരാമെഡിക്കൽ ഡിഗ്രി കോഴ്സിലേയ്ക്കുമുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ബി.എസ്.സി നഴ്സിംഗ് & പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ച വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ **15.08.2017** മുതൽ **19.08.2017, ഉച്ചയ്ക്ക് 1 മണി** വരെ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ഒന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **21.08.2017** മുതൽ **23.08.2017 വൈകുന്നേരം 3 മണിയ്ക്കകം** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ **(SBI)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. തിരഞ്ഞെടുത്ത എസ്.ബി.ഐ. ശാഖകളുടെ ലിസ്റ്റ് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. **എന്നാൽ ഇവർ ഒന്നാം ഘട്ടത്തിൽ അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതില്ല.**

അലോട്ട്മെന്റ് ലഭിച്ചിട്ടും നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ (നഴ്സിംഗ് സ്ട്രീം/പാരാമെഡിക്കൽ സ്ട്രീം) നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

കേന്ദ്ര/സംസ്ഥാന റഗുലേറ്ററി അതോറിറ്റികളുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയിട്ടുള്ളൂ.

**ടോക്കൺ ഡെപ്പോസിറ്റ്:** അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1,000/- രൂപ** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ **(SBI)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

**ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് 23.08.2017 വൈകുന്നേരം 3 മണിയ്ക്കകം ഫീസ് ഒടുക്കിയ വിദ്യാർത്ഥികളുടെ നിലവിലുള്ള ഹയർ ഓപ്ഷനുകൾ പരിഗണിച്ചുകൊണ്ട് രണ്ടാം ഘട്ട അലോട്ട്മെന്റ് 24.08.2017 ന് പ്രസിദ്ധീകരിക്കുന്നതാണ്.**

സ്പോർട്സ് ക്വാട്ട, എൻ.സി.സി ക്വാട്ട, സർവ്വീസ് ക്വാട്ട, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള (PD) സീറ്റുകൾ എന്നിവയിലേയ്ക്ക് ഈ ഘട്ടത്തിൽ നടത്തിയിട്ടില്ല. ഇവയിലേയ്ക്കുള്ള അലോട്ട്മെന്റ് ഇനിയുള്ള ഘട്ടങ്ങളിൽ നടത്തുന്നതാണ്. കൂടാതെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റികളിലേയ്ക്കുള്ള അലോട്ട്മെന്റും ഈ ഘട്ടത്തിൽ നടത്തിയിട്ടില്ല. **2017 ആഗസ്റ്റ് 21 വൈകുന്നേരം 5 മണി** വരെ ലഭിക്കുന്ന രേഖകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി കാറ്റഗറി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച ശേഷം മൈനോറിറ്റി ക്വാട്ടാ സീറ്റുകളിലേയക്കുള്ള അലോട്ട്മെന്റ് അടുത്ത ഘട്ടത്തിൽ നടത്തുന്നതാണ്.

MIMS College of Allied Health sciences, MIMS Academy, Vazhayoor, Puthukode.P.O. Malappuram എന്ന സ്വകാര്യ സ്വാശ്രയ കോളേജിലെ ബി.സി.വി.റ്റി, ബി.എസ്.സി പെർഫ്യൂഷൻ ടെക്നോളജി എന്നീ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താൽകാലികവും IA No. 9780/2017 IN WP(C) No. 37007/2016(A) ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും. സർക്കാർ/അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് പ്രസ്തുത കോഴ്സുകൾക്ക് ബാധകമാകുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
20.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**